"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിതശിശു വികസന വകുപ്പ്- സ്റ്റേറ്റ് നിർഭയ സെൽ-ലീഗൽ ഡെസ്ക്-ലീഗൽ അസിസ്റ്റന്റായ ശ്രീമതി. ലക്ഷ്മി ശ്രീ വിജയയുടെ കരാർ കാലാവധി ദീർഘിപ്പിച്ചു നല്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതശിശു വികസന (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.110/2026/WCDD തീയതി,തിരുവനന്തപുരം, 06-03-2026

---

പരാമർശം:-
1. സ.ഉ(സാധാ)നം.37/2020/സാനീവ തീയതി 17.01.2020.
2. സ.ഉ(സാധാ) നം.395/2020/സാനീവ തീയതി 16.08.2020.
3. സ.ഉ(സാധാ)നം. 391/2023/WCDD തീയതി.24.06.2023.
4. സ.ഉ(സാധാ)നം. 87/2024/WCDD തീയതി 04.03.2024.
5. സ.ഉ(സാധാ) നം.138/2025/WCDD തീയതി 29.03.2025.
6. സ.ഉ(പി) നം.54/2025/ധന തീയതി 19.04.2025.
7. വനിതശിശു വികസന ഡയറക്ടറുടെ 04.12.2025-ലെ DWCD/7345/2024-NCA നമ്പർ കത്ത്.

**ഉത്തരവ്**

വനിത ശിശു വികസന വകുപ്പ് സ്റ്റേറ്റ് നിർഭയ സെല്ലിൽ ലീഗൽ ഡെസ്ക് ആരംഭിക്കുന്നതിന് പരാമർശം (1) പ്രകാരവും ലീഗൽ ഡെസ്കിൽ ഒരു ലീഗൽ അസിസ്റ്റന്റിനെ കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിന് പരാമർശം (2) പ്രകാരവും ഉത്തരവായിരുന്നു. ലീഗൽ ഡെസ്കിൽ ലീഗൽ അസിസ്റ്റന്റായി ശ്രീമതി. ലക്ഷ്മി ശ്രീ വിജയയെ വനിത ശിശു വികസന ഡയറക്ടറുടെ നടപടിക്രമം പ്രകാരം കരാറടിസ്ഥാനത്തിൽ നിയമിച്ചിരുന്നു. ടി വ്യക്തിയുടെ കരാർ കാലാവധി പരാമർശം (3) പ്രകാരം 07.01.2023 മുതൽ 06.01.2024 വരെയും പരാമർശം (4) പ്രകാരം 09.01.2024 മുതൽ 08.01.2025 വരെയും പരാമർശം (5) പ്രകാരം 10.01.2025 മുതൽ 09.01.2026 വരെയും ദീർഘിപ്പിച്ച് ഉത്തരവായിരുന്നു. ടിയാളുടെ കരാർ കാലാവധി അവസാനിക്കുന്ന സാഹചര്യത്തിൽ ഒരു വർഷം കൂടി കരാർ കാലാവധി ദീർഘിപ്പിച്ച് നൽകണമെന്ന് ടി വ്യക്തി അപേക്ഷിച്ചിരിക്കുന്നുവെന്നും നിർഭയ സ്റ്റേറ്റ് സെല്ലിന്റെ ലീഗൽ ഡെസ്കിലെ നിയമപരമായിട്ടുള്ള എല്ലാ കാര്യങ്ങളും ആത്മാർത്ഥതയോടെയും ഉത്തരവാദിത്തത്തോടെയും നല്ല രീതിയിൽ

കൈകാര്യം ചെയ്യുന്ന ടിയാളുടെ കരാർ കാലാവധി 09.01.2026 ന് അവസാനിക്കുന്ന സാഹചര്യത്തിൽ ഒരു വർഷത്തേയ്ക്ക് കൂടി കരാർ കാലാവധി ദീർഘിപ്പിച്ച് ഉത്തരവാകണമെന്ന് വനിതശിശു വികസന ഡയറക്ടർ പരാമർശം (7) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കരാർ ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾ നിശ്ചയിച്ചുകൊണ്ട് പുറപ്പെടുവിച്ചിട്ടുള്ള പരാമർശം (6) പ്രകാരമുള്ള ഉത്തരവിലെയും പ്രസ്തുത ഉത്തരവിൽ പരാമർശിച്ചിട്ടുള്ള ഉത്തരവുകളിലെയും പൊതു മാനദണ്ഡങ്ങൾ കർശനമായി പാലിക്കണമെന്ന വ്യവസ്ഥയിൽ, വനിതശിശു വികസന വകുപ്പ് സ്റ്റേറ്റ് നിർഭയ സെല്ലിലെ ലീഗൽ ഡെസ്കിൽ ലീഗൽ അസിസ്റ്റന്റായ ശ്രീമതി.ലക്ഷ്മി ശ്രീ വിജയയുടെ കരാർ കാലാവധി നിലവിലെ കരാർ അവസാനിക്കുന്ന തീയതി കഴിഞ്ഞു കുറഞ്ഞത് ഒന്നോ രണ്ടോ പ്രവൃത്തി ദിവസത്തെ എങ്കിലും ബ്രേക്ക് നൽകി ഒരു വർഷം കൂടി ദീർഘിപ്പിച്ചു നൽകുന്നതിന് അനുമതി നല്കി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ M S
അണ്ടർ സെക്രട്ടറി

ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്, തിരുവനന്തപുരം.

സ്റ്റേറ്റ് കോർഡിനേറ്റർ, നിർഭയ സെൽ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്.(VIDE U.O.NO.WCD-1/402/2023-FIN(E-2656240) DATED 18.02.2026).

വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sithara Vijayan
Date: 06-03-2026 16:57:54
സെക്ഷൻ ഓഫീസർ